# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1800 16.06.2014-ൽ മറുപടിയ്ക്ക്

### 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റിന്മേൽ നിയമ ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട് കൂടുതൽ ഫലപ്രദമാക്കുന്നതിന് നിയമഭേദഗതി കൊണ്ടുവരുവാനുദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| ബി) ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) 2007 - ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിന്റെ പരിധിയിൽ 'മണി ചെയിൻ' കുറ്റകൃത്യങ്ങൾ കൂടി ഉൾപ്പെടുത്താനും കരുതൽ തടങ്കലിന്റെ പരമാവധി കാലയളവ് ഒരു വർഷം വരെയാക്കുന്നതിനും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ പിടിച്ചെടുക്കുന്നതിനും കണ്ടുകെട്ടുന്നതിനുമുള്ള വിശദമായ വ്യവസ്ഥകളുമാണ് ഭേദഗതി നിയമത്തിൽ പ്രധാനമായും ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| സി) കുറ്റകൃത്യങ്ങൾ തടയുന്നതിനും ബ്ലേഡ് മാഫിയയെ നേരിടുന്നതിനും എന്തെല്ലാം ശിക്ഷകളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) ഭേദഗതി നിർദ്ദേശങ്ങൾ പ്രകാരം 'മണി ചെയിൻ' കുറ്റവാളികളെക്കൂടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നുണ്ട്. കരുതൽ തടങ്കൽ നിയമമായതുകൊണ്ട് ഏതെങ്കിലും കുറ്റത്തിനുള്ള ശിക്ഷകൾ ഭേദഗതി നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. |
| ഡി) ഇതു സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ? | (ഡി) കരട് ഭേദഗതി ബിൽ പൂർത്തീകരണ നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ